"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ഉപഭോക്തൃകാര്യ വകുപ്പ്-വയനാട് ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ അംഗം ശ്രീമതി ബീന എം.-ന് വയനാട് ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ പ്രസിഡന്റിന്റെ അധിക ചുമതല നൽകിയത്-സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ പ്രസിഡന്റിന്റെ നടപടി സാധൂകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ഉപഭോക്തൃകാര്യ വകുപ്പ്**

സ.ഉ.(സാധാ) നം.10/2024/CAD തീയതി,തിരുവനന്തപുരം, 04-03-2024

---

പരാമർശം:-

1. കേരള സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ പ്രസിഡന്റിന്റെ 30.11.2021 തീയതിയിലെ A.826/16 നമ്പർ നടപടി ഉത്തരവ്.
2. കേരള സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ പ്രസിഡന്റിന്റെ 24.11.2022 തീയതിയിലെ A.826/16 നമ്പർ നടപടി ഉത്തരവ്.
3. കേരള സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ സെക്രട്ടറി & രജിസ്ട്രാറുടെ 21.12.2023 തീയതിയിലെ A-102/2019 നമ്പർ കത്ത്.

**ഉത്തരവ്**

വയനാട് ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ പ്രസിഡന്റായിരുന്ന ശ്രീ.അനന്തകൃഷ്ണൻ പി.എസ്. 13.12.2021 മുതൽ 07.01.2022 വരെ 26 ദിവസം ആർജ്ജിതാവധിയിൽ പ്രവേശിച്ച സാഹചര്യത്തിൽ പരാമർശം (1 ) പ്രകാരം വയനാട് ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ മെമ്പറായ ശ്രീമതി ബീന എം.ന് പ്രസ്തുത കാലയളവിൽ വയനാട് ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ പ്രസിഡന്റിന്റെ അധിക ചുമതല നൽകിയും, കൂടാതെ ജില്ലാ പ്രസിഡന്റിന്റെ സേവന കാലാവധി 24.11.2022-ൽ അവസാനിച്ചതിനാൽ പരാമർശം (2) പ്രകാരം ശ്രീമതി ബീന എം. ന് 25.11.2022 മുതൽ പ്രസിഡന്റിന്റെ പൂർണ ചുമതല നൽകിയും സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ പ്രസിഡന്റ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതിനാൽ സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ പ്രസിഡന്റിന്റെ പരാമർശം 1, 2 എന്നിവ പ്രകാരമുള്ള ഉത്തരവുകൾക്ക് സാധൂകരണം നൽകണമെന്നും പരാമർശം 3 പ്രകാരം സെക്രട്ടറി & രജിസ്ട്രാർ അപേക്ഷിച്ചിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2019-ലെ ഉപഭോക്തൃ സംരക്ഷണ നിയമം വകുപ്പ് 32 പ്രകാരവും, Consumer Protection (Salary, allowances and conditions of service of President and Members of the State Commission and District Commission) Model Rules, 2020 പ്രകാരവും ഒരു ജില്ലാ കമ്മീഷനിൽ ഒഴിവുണ്ടാകുന്ന പക്ഷം മറ്റൊരു കമ്മീഷനിലെ പ്രസിഡന്റിനേയോ അംഗത്തെയോ ഒഴിവുണ്ടായ കമ്മീഷനിലെ പ്രസിഡന്റിന്റെയോ അംഗത്തിന്റെയോ ചുമതല വഹിക്കാൻ അധികാരപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിക്കാൻ സംസ്ഥാന സർക്കാരിന് മാത്രമാണ് അധികാരമുള്ളത് ആയത്

സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ പ്രസിഡന്റിന്റെ അധികാരപരിധിയിൽ വരുന്നതല്ല. ആയതിനാൽ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ സംസ്ഥാന പ്രസിഡന്റ് ഉത്തരവിലൂടെ ശ്രീമതി ബീന.എം. നെ വയനാട് ജില്ലാ കമ്മീഷന്റെ അധികച്ചുമതല നൽകി ഉത്തരവ് പുറപ്പെടുവിച്ചത് ക്രമപ്രകാരമല്ല. എന്നിരുന്നാലും വയനാട് ജില്ലാ കമ്മീഷൻ ഓഫീസിലെ പ്രവർത്തനങ്ങൾ തടസ്സംകൂടാതെ നടത്തുന്നതിനാണ് ഇത്തരത്തിൽ ക്രമീകരണം നടത്തിയത് എന്ന വസ്തുത പരിഗണിച്ച് ശ്രീമതി.ബീന എം.ന് വയനാട് ജില്ലാ കമ്മീഷൻ പ്രസിഡന്റിന്റെ അധിക ചുമതല നൽകി സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മീഷൻ പ്രസിഡന്റ് പുറപ്പെടുവിച്ച പരാമർശം 1, 2 ഉത്തരവുകൾ സാധൂകരിച്ച് ഉത്തരവാകുന്നു.

3) ഭാവിയിൽ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിൽ പ്രസിഡന്റിന്റെയോ അംഗംങ്ങളുടെയോ ഒഴിവുകൾ ഉണ്ടാകുമ്പോൾ സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കാൻ പാടില്ലാത്തതും ഒഴിവുകൾ യഥാസമയം സർക്കാരിനെ അറിയിക്കേണ്ടതും, സർക്കാർ ഉത്തരവ് പ്രകാരം മാത്രമേ അധിക ചുമതല മറ്റൊരംഗത്തിന് നൽകുവാൻ പാടുള്ളൂ എന്നും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജിത് കുമാർ ഐ എ എസ്
സെക്രട്ടറി

1.പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മിഷണർ, തിരുവനന്തപുരം
2.സെക്രട്ടറി & രജിസ്ട്രാർ, സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ, തിരുവനന്തപുരം
3.ശ്രീമതി ബീന എം.(സെക്രട്ടറി & രജിസ്ട്രാർ, സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ മുഖേന)
4.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ് ), കേരള, തിരുവനന്തപുരം
5.ജില്ലാ ട്രഷറി ഓഫീസർ, വയനാട്
6.ധനകാര്യ വകുപ്പ്
7.ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ &പി ആർ ഡി
8.കരുതൽ ഫയൽ/ ഓഫീസ് കോപ്പി (CA1/67/2023/CAD)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ